**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1172** | **09-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഡി.സി. തീയേറ്റർ കോംപ്ലക്സ് നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഡി.സി. തിയേറ്റർ കോംപ്ലക്സ് നിർമ്മാണ പുരോഗതി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | കെ.എസ്.എഫ്.ഡി.സി. തിയേറ്റർ കോംപ്ലക്സ് നിർമ്മാണ പുരോഗതിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിർമ്മാണ പ്രവൃത്തികൾ വിലയിരുത്തുന്നതിനായി ബഹു. വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിരുന്നോ; ഉണ്ടെങ്കിൽ യോഗതീരുമാനം എന്തൊക്കെയാണെന്ന വിവരം അറിയിക്കുമോ; | (ബി) | 08.07.2024 തീയ്യതിയിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിയേറ്റർ സമുച്ചയങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി യോഗം ചേർന്നിരുന്നു. യോഗത്തിൽ പയ്യന്നൂർ തീയേറ്റർ സമുച്ചയത്തിൽ സമ്പ് വർക്കിന്റെ പ്രശ്നങ്ങൾ നിലവിലുള്ളതിനാലും ഇലക്ട്രിക്കൽ സീലിംഗ് ജോലികൾ ഉള്ളതിനാലും ഉടനടി പ്രൊജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് അപ്രൂവ് ചെയ്യാൻ റീടെൻഡർ ക്ഷണിച്ച് ബാക്കി നടപടികൾ ആരംഭിക്കാൻ തീരുമാനിച്ചു. റിവൈസ്ഡ് എസ്റ്റിമേറ്റ് വരുമെന്നതിനാലും തുക കൂടുമെന്നതിനാലും വൈക്കം തീയേറ്റർ സമുച്ചയത്തിന്റെ മുൻവശത്തുള്ള ഇലവേഷനിൽ മാറ്റം വരുത്തേണ്ടതില്ലെന്നും പ്രസ്തുത പദ്ധതി ഡിസംബർ മാസത്തിനകം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിക്കണമെന്നും തീരുമാനിച്ചു. |
| (സി) | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | പയ്യന്നൂർ, വൈക്കം എന്നീ തീയേറ്റർ സമുച്ചയങ്ങൾ 2025 ഫെബ്രുവരി മാസം അവസാനം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## കെ.എസ്.എഫ്.ഡി.സി. തീയേറ്റർ കോംപ്ലക്സ് നിർമ്മാണ പുരോഗതി

കെ.എസ്.എഫ്.ഡി.സി.യുടെ തീയേറ്റർ സമുച്ചയ നിർമ്മാണ പദ്ധതിയിൽ പയ്യന്നൂർ, വൈക്കം എന്നിവിടങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. പയ്യന്നൂർ തിയേറ്ററിന്റെ അണ്ടർ ഗ്രൗണ്ട് സമ്പ് ടാങ്കിന്റെ നിർമ്മാണത്തിന് വേണ്ടി ടെൻഡർ ക്ഷണിക്കുകയും തുടർനടപടികൾ നടന്ന് വരികയുമാണ്. ടി സമുച്ചയത്തിന്റെ സ്ട്രക്ച്ചറൽ വർക്സ്, റൂഫിങ് വർക്സ്, ക്യാറ്റ് വാക് നിർമ്മാണ പ്രവൃത്തികൾ, ബ്ലോക്ക് വർക്സ്, പ്ലാസ്റ്ററിങ് വർക്സ്, ഫയർ ഫൈറ്റിങ് വർക്സ്, ലിഫ്റ്റ് ഇൻസ്റ്റാളേഷൻ വർക്സ് എന്നിവ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ 67% പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്.

വൈക്കം തിയേറ്ററിന്റെ സ്ട്രക്ച്ചറൽ വർക്സ്, റൂഫിങ് വർക്സ്, സമ്പ് ടാങ്ക്, സെപ്റ്റിക് ടാങ്ക് വർക് എന്നിവ പൂർത്തിയായിട്ടുണ്ട്. കോമ്പൗണ്ട് വാൾ നിർമ്മാണം, ട്രസ് വർക്സ്, ക്യാറ്റ് വാക് നിർമ്മാണം, ഇലക്ട്രിക്കൽ വർക്സ് എന്നിവ പുരോഗമിച്ച് വരുന്നു. ടി സമുച്ചയത്തിന്റെ നിർമാണത്തിനായി മുനിസിപ്പാലിറ്റിയോട് ആവശ്യപ്പെട്ട 80 സെന്റ് ഭൂമിക്ക് പുറമെ 10 സെന്റ് സ്ഥലം കൂടി കൈമാറി കിട്ടുന്നതിനുള്ള  നടപടി പുരോഗമിച്ച് വരുന്നു. പ്രസ്തുത പദ്ധതിയുടെ 70% പൂർത്തിയാക്കിയിട്ടുണ്ട്.

കായംകുളം, അളകപ്പാനഗർ, പയ്യന്നൂർ, തൃശ്ശൂർ ജില്ലയിലെ കൈരളി/ശ്രീ തീയേറ്ററുകൾ, ധർമ്മടം-പാലയാട്, പേരാമ്പ്ര, പായം, താനൂർ, ഇടുക്കി, മാന്ദമംഗലം, ആണ്ടൂർ എന്നീ തീയേറ്ററുകളുടെയും PMC ആയി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ നിശ്ചയിച്ച് സ.ഉ. (സാധാ) നം. 578/2024/CLAD തീയതി 06/10/2024 പ്രകാരം ഉത്തരവായിട്ടുണ്ട്.